# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:27.04.2025**

### പ്രധാനവാർത്തകൾ

1. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ 140 കോടി ജനങ്ങളുടെ ഐക്യദാർഢ്യമാണ് ഏറ്റവും വലിയ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പഹൽഗാം ആക്രമണത്തിന് ശക്തമായ മറുപടി നൽകുമെന്നും മൻ കി ബാത്തിൽ പരാമർശം.
2. ശാസ്ത്രജ്ഞരുടെ സമർപ്പണവും സേവന മനോഭാവവുമാണ് ആഗോള ബഹിരാകാശ ശക്തിയായി ഇന്ത്യയെ മാറ്റിയതെന്ന് പ്രധാനമന്ത്രി. മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ടെന്നതിന് ഉദാഹരണമായി വയനാട്ടിലെ കുങ്കുമപ്പൂവ് കൃഷിയെ വിശേഷിപ്പിച്ച് നരേന്ദ്ര മോദി.
3. പഹൽഗാം ഭീകരാക്രമണം സംബന്ധിച്ച് ദേശീയ അന്വേഷണ ഏജൻസി അന്വേഷണം ആരംഭിച്ചു.
4. അന്തരിച്ച ബഹിരാകാശ ശാസ്ത്രജ്ഞൻ ഡോ.കെ കസ്തൂരി രംഗൻറെ സംസ്കാരം ഇന്ന് ബംഗളൂരുവിൽ.
5. ഐപിഎല്ലിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കെതിരെ ശ്രീലങ്കയ്ക്ക് ബാറ്റിംഗ്.

RNU TVPM

&&&&&&&&&&&&&&&&&&&&

## <u>മൻ കി ബാത്ത് - പഹൽഗാം (ഇൻട്രോ)</u>

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ 140 കോടി ജനങ്ങളുടെ ഐക്യദാർഢ്യമാണ് രാജ്യത്തിൻറെ ഏറ്റവും വലിയ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിന്റെ 121-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭീകരതയ്ക്കെതിരായ നിർണായക പോരാട്ടത്തിന്റെ അടിസ്ഥാനം ഐക്യമാണെന്ന് പറഞ്ഞ പ്രധാനമന്ത്രി ഈ വെല്ലുവിളിയെ നേരിടാനുള്ള ദൃഢനിശ്ചയം ശക്തിപ്പെടുത്തണമെന്നും വ്യക്തമാക്കി.

(വോയിസ്)

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ലോകം മുഴുവൻ ഇന്ത്യക്കൊപ്പം നിലകൊള്ളുന്നതായി പ്രധാനമന്ത്രി പറഞ്ഞു. പഹൽഗാം ആക്രമണത്തിലെ കുറ്റവാളികൾക്കും ഗൂഢാലോചനക്കാർക്കും ഏറ്റവും കഠിനമായ മറുപടി നൽകുമെന്നും അദ്ദേഹം അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&&

## <u>മൻ കി ബാത്ത് - യുവാക്കൾ</u>

ലോകമെമ്പാടും ഇന്ത്യയുടെ കഴിവുകളെ പ്രശംസിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തോടുള്ള ലോകത്തിന്റെ കാഴ്ചപ്പാട് യുവാക്കൾ മാറ്റിമറിച്ചതായി അദ്ദേഹം പറഞ്ഞു. ഏതൊരു രാജ്യത്തെയും യുവാക്കളുടെ താൽപ്പര്യമാണ് രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നത്. പിന്നാക്കാവസ്ഥയുള്ള പ്രദേശങ്ങളിൽ പോലും യുവാക്കൾ ആത്മവിശ്വാസം നൽകുന്ന പുതിയ മാതൃകകൾ സൃഷ്ടിക്കുകയാണെന്നും ശ്രീ നരേന്ദ്ര മോദി പരാമർശിച്ചു.

&&&&&&&&&&&&&&&&&&&&

## <u>മൻ കി ബാത്ത് - ബഹിരാകാശം (ഇൻട്രോ)</u>

രാജ്യത്തോടുള്ള ശാസ്ത്രജ്ഞരുടെ സമർപ്പണവും സേവന മനോഭാവവുമാണ് ആഗോള ബഹിരാകാശ ശക്തിയായി ഇന്ത്യയെ മാറ്റിയതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ബഹിരാകാശ

മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ നിരവധി പുതിയ സാധ്യതകൾക്ക് വഴി തെളിക്കുമെന്നും അദ്ദേഹം അറിയിച്ചു.

(വോയിസ്)

അന്തരിച്ച ബഹിരാകാശ ശാസ്ത്രജ്ഞൻ ഡോ.കെ കസ്തൂരിരംഗന് പ്രധാനമന്ത്രി ആദരാഞ്ജലികൾ അർപ്പിച്ചു.

&&&&&&&&&&&&&&&&&&&&

## മൻ കി ബാത്ത് - ഏക് പേട് മാ കേ നാം

രാജ്യത്തെ കോടിക്കണക്കിന് ജനങ്ങളുടെ മികച്ച പങ്കാളിത്തം കൊണ്ട് ശ്രദ്ധിക്കപ്പെട്ട പ്രചാരണത്തിന് ഉദാഹരണമായി ഏക് പേട് മാ കേ നാം പരിപാടിയെ പ്രധാനമന്ത്രി പരാമർശിച്ചു. ഇതിന്റെ ഭാഗമായി രാജ്യത്തുടനീളം 140 കോടിയിലധികം വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിച്ചത്. ഇത് ഏറെ അഭിമാനകരമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. മ്യാൻമറിലെ ഇന്ത്യയുടെ ഓപ്പറേഷൻ ബ്രഹ്മയ്ക്ക് ലഭിച്ച സ്വീകാര്യതയെ കുറിച്ചും അഫ്ഗാനിസ്ഥാന് ഇന്ത്യ വാക്സിൻ എത്തിച്ചതും എത്യോപ്യയിലെ പ്രവാസിഭാരതീയരുടെ സഹായവും അദ്ദേഹം പരാമർശിച്ചു.

&&&&&&&&&&&&&&&&&&&&

## മൻ കി ബാത്ത് - കേരളം (ഇൻട്രോ)

മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ടെന്നതിന് ഉദാഹരണമായി കേരളത്തിലെ വയനാട്ടിലെ കുങ്കുമപ്പൂവ് കൃഷിയെ കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. വയനാട്ടിൽ ഈ കുങ്കുമപ്പൂവ് ഏതെങ്കിലും വയലിലോ മണ്ണിലോ വളർത്തുന്നില്ല, മറിച്ച് എയറോപോണിക്സ് ഉപയോഗിച്ചാണ് വളർത്തുന്നതെന്നും അദ്ദേഹം മൻ കി ബാത്തിൽ പറഞ്ഞു.

(വോയിസ്)

ദേശീയ ദുരന്ത നിവാരണ അതോറിറ്റി വികസിപ്പിച്ച പ്രകൃതി ദുരന്തങ്ങളെ കുറിച്ച് ജാഗ്രതാ സന്ദേശം നൽകുന്ന ആപ്പിനെ കുറിച്ചും പ്രധാനമന്ത്രി പറഞ്ഞു. സചേത് ആപ്പിൽ ജാഗ്രതാ നിർദേശങ്ങൾക്കൊപ്പം കാലാവസ്ഥാ മുന്നറിയിപ്പുകളെ കുറിച്ചുള്ള വിവരങ്ങളും ലഭ്യമാക്കുമെന്നും അദ്ദേഹം അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&&

## രാജീവ് ചന്ദ്രശേഖർ - മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൻ കി ബാത് പ്രചോദനമാണെന്ന് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. കോഴിക്കോട് ബേപ്പൂരിൽ പരിപാടിയുടെ തത്സമയ പ്രക്ഷേപണത്തിൻറെ പ്രദർശനം വീക്ഷിക്കാൻ എത്തിയതായിരുന്നു അദ്ദേഹം. ബി ജെ പിയുടെ മുതിർന്ന നേതാക്കളും സന്നിഹിതരായിരുന്നു.

&&&&&&&&&&&&&&&&&&&&

## പഹൽഗാം - ദേശീയ അന്വേഷണ ഏജൻസി

പഹൽഗാം ഭീകരാക്രമണത്തിൻറെ അന്വേഷണം ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. സംഭവത്തിൽ എൻ ഐ എയുടെ ഔദ്യോഗിക അന്വേഷണം ആരംഭിച്ചു. അതെസമയം, ജമ്മു കശ്മീർ നിയമസഭയുടെ പ്രത്യേക സമ്മേളനം നാളെ ചേരും. പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് സഭ അന്തിമോപചാരം അർപ്പിക്കും.

RNU TVPM

&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - എൻ. രാമചന്ദ്രൻ

പഹൽഗാം ആക്രമണത്തിൽ കൊല്ലപ്പെട്ട കൊച്ചി ഇടപ്പള്ളി സ്വദേശി എൻ രാമചന്ദ്രൻറെ വീട് മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിച്ചു. കുടുംബാംഗങ്ങളെ മുഖ്യമന്ത്രി നേരിട്ട് അനുശോചനം അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## എൻറെ കേരളം

സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷത്തിൻറെ ഭാഗമായി കാസർഗോഡ് ജില്ലയിൽ സംഘടിപ്പിച്ച എൻറെ കേരളം പ്രദർശന വിപണന മേള ഇന്ന് സമാപിക്കും. കാലിക്കടവ് മൈതാനത്ത് വൈകിട്ട് നടക്കുന്ന സമാപന സമ്മേളനം മന്ത്രി എ

കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&&&&

<u>വി ഡി സതീശൻ</u>

സംസ്ഥാനം കടക്കെണിയിലാണെന്നും അതിനിടയിൽ 100 കോടി രൂപ ചെലവിൽ സർക്കാർ വാർഷികാഘോഷം നടത്തുന്നതായും പ്രതിപക്ഷനേതാവ് വി ഡി സതീശൻ. ക്ഷേമ പെൻഷനുകൾ നൽകാനോ ആശുപത്രികളിൽ മരുന്ന് വാങ്ങാനോ ആവശ്യത്തിനു പണമില്ലാത്ത സാഹചര്യത്തിലാണ് ഈ തുക ചെലവഴിക്കുന്നതെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ ആരോപിച്ചു.

&&&&&&&&&&&&&&&&&&&&&

<u>ആലപ്പുഴ - വേമ്പനാട്ടുകായൽ (ഇൻട്രോ)</u>

വേമ്പനാട്ടുകായൽ സംരക്ഷണത്തിന്റെ ഭാഗമായി ആലപ്പുഴയിൽ ഹൗസ് ബോട്ടുകളികളിൽ പോലീസ് പരിശോധന കർശനമാക്കി. രണ്ടു ലക്ഷത്തി ഇരുപതിനായിരം രൂപയുടെ പിഴ ഈടാക്കിയിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ .രവികുമാർ....**

**(വോയ്സ്)**

&&&&&&&&&&&&&&&&&&&&&

<u>കസ്തൂരിരംഗൻ - സംസ്കാരം</u>

ബഹിരാകാശ ശാസ്ത്രജ്ഞനും ഐഎസ്ആർഒ മുൻ ചെയർമാനുമായ കെ കസ്തൂരിരംഗൻറെ സംസ്കാരം ഇന്ന് ബംഗളൂരുവിൽ നടക്കും. ഉച്ചയ്ക്ക്ശേഷം ഹെബ്ബാൾ ശ്മശാനത്തിലാണ് സംസ്കാരം. മൃതദേഹം സദാശിവനഗറിലെ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പൊതുദർശനത്തിന് വെച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&&&&

RNUTVPM

<u>ഐ പി എൽ</u>

ഐപിഎല്ലിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചകഴിഞ്ഞ് 3:30 ന് മുംബൈയിൽ നടക്കുന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. രാത്രി 7:30 ന് ഡൽഹി ക്യാപിറ്റൽസും റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവും ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&&&

<u>ശ്രീലങ്ക - വനിതാ ക്രിക്കറ്റ്</u>

വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കെതിരെ ശ്രീലങ്കയ്ക്ക് ബാറ്റിംഗ്. മഴ കാരണം വൈകിയാണ് മത്സരം ആരംഭിച്ചത്. മഴ നിയമം മൂലം മത്സരം 39 ഓവറായി വെട്ടിചുരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

RNUTVPM

<u>ഇടുക്കി - മുന്തിരിത്തോട്ടം (ഇൻട്രോ)</u>

അവധിക്കാലമായതോടെ കേരളാ അതിർത്തിയിലെ തമിഴ്നാടൻ ഗ്രാമമായ കമ്പത്തെ മുന്തിരിപാടങ്ങളിലേക്ക് സഞ്ചാരികളുടെ പ്രവാഹം.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....**

**(വോയ്സ്)**

&&&&&&&&&&&&&&&&&&&&

<u>ആകാശവാണി - സമാപനം</u>

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാംാം വാർഷികാഘോഷങ്ങളുടെ സമാപനം നാളെ വൈകുന്നേരം തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടക്കും. ഉദ്ഘാടനം പ്രശസ്ത ചലച്ചിത്ര സംവിധായകനും, ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി നിർവഹിക്കും. ആൻറണി രാജു എംഎൽ എ ചടങ്ങിൽ അധ്യക്ഷത വഹിക്കും. തിരുവനന്തപുരം ആകാശവാണി പ്രോഗ്രാം മേധാവി വി. ശിവകുമാർ സ്വാഗതം ആശംസിക്കും.

സമാപന ചടങ്ങുകളോടനുബന്ധിച്ച് ആകാശവാണിയുടെ ഫോട്ടോ എക്സിബിഷൻ ടാഗോർ തിയറ്ററിൽ സംഘടിക്കും.

&&&&&&&&&&&&&&&&&&&&

## ഹൈബ്രിഡ് കഞ്ചാവ് - സംവിധായകർ

ഹൈബ്രിഡ് കഞ്ചാവുമായി സിനിമ സംവിധായകരായ ഖാലിദ് റഹ്മാൻ, അഷ്റഫ് ഹംസ എന്നിവരെ കൊച്ചിയിൽ എക്സൈസ് പിടികൂടി. രഹസ്യ വിവരത്തെ തുടർന്ന് ഇന്നലെ രാത്രി മറൈൻഡ്രൈവിൽ ഉള്ള ഒരു ഫ്ലാറ്റിൽ നിന്നാണ് പിടികൂടിയത്. ഇവരിൽ നിന്ന് ഒന്നര ഗ്രാം ഹൈബ്രിഡ് കഞ്ചാവ് കണ്ടെടുത്തു. പിന്നീട് മെഡിക്കൽ പരിശോധനയ്ക്ക് ശേഷം ഇവരെ ജാമ്യത്തിൽ വിട്ടു.

&&&&&&&&&&&&&&&&&&&&

## കഞ്ചാവ് തോട്ടം - ഇടുക്കി

ഇടുക്കിയിലെ മൂന്നാറിൽ പുഴയോരത്ത് കഞ്ചാവ് തോട്ടം കണ്ടെത്തി. മൂന്നാർ ചിലന്തിയാറിലാണ് കഞ്ചാവ് ചെടികൾ കണ്ടെത്തിയത്. 96 കഞ്ചാവ് ചെടികൾ എക്സൈസ് ഉദ്യോഗസ്ഥർ നശിപ്പിച്ചു.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&

RAJU TVPM